# സപ്ലൈകോ ലോഗോ മത്സരം :
# അപർണ മുരളീധരൻ വിജയി



സപ്ലൈകോ പുതിയ ലോഗോയ്ക്കു വേണ്ടി നടത്തിയ മത്സരത്തിൽ ആലുവ പടിഞ്ഞാറെ കടുങ്ങല്ലൂർ സ്വദേശി അപർണ മുരളീധരൻ വിജയിയായി. സംസ്ഥാനത്തു നിന്നും സംസ്ഥാനത്തിനു പുറത്തു നിന്നുമായി 549 ലോഗോകളാണ് മത്സരത്തിനെത്തിയത്. അതിൽ നിന്ന് സപ്ലൈകോ മാനേജർമാരടങ്ങിയ എട്ടംഗസമിതി പത്ത് ലോഗോകൾ തിരഞ്ഞെടുത്തതിൽ നിന്ന് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ , ജനറൽ മനേജർ , എ ജി എം എന്നിവരടങ്ങിയ സമിതി സപ്ലൈകോയ്ക്ക് അനുയോജ്യമായ ലോഗോ തിരഞ്ഞെടുക്കുകയായിരുന്നു.

ഈ ലോഗോ സപ്ലൈകോയുടെ ബോർഡ് അംഗീകരിക്കുകയും ചെയ്തു. വിജയിക്ക് 10,000 രൂപയുടെ ചെക്കും സപ്ലൈകോ കിറ്റും നൽകും.

മത്സര വിജയിയായ അപർണ മുരളീധരൻ ഇടപ്പിള്ളി അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ ബി എസ് സി വിഷ്വൽ മീഡിയ കമ്മ്യൂണിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. അച്ഛൻ : എൻ. മുരളീധരൻ എഫ്.എ.സി.റ്റിയിൽ അസിസ്റ്റൻറ് മാനേജരായിരുന്നു. അമ്മ : സരളാ മുരളീധരൻ എ.വി.റ്റി ജീവനക്കാരിയാണ്. സഹോദരൻ : അർജ്ജുൻ ചെന്നൈയിൽ സൗണ്ട് എൻജിനീയറായി പ്രവർത്തിക്കുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ

SUPPLYCO

THE KERALA STATE CIVIL SUPPLIES CORPORATION LTD.